**ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**ഹാജർ : ശാലിനി ഗോപിനാഥ്**

ക്ഷീരവികസന വകുപ്പ് - ഡയറക്ടറേറ്റ് - തിരുവനന്തപുരം - ജീവനക്കാര്യം - ശ്രീ. ബിനാഷ് തോമസ് (PEN. 407623) , ഡെയറി ഫാം ഇൻസ്ട്രക്ടർ, നെടുങ്കണ്ടം ക്ഷീരവികസന യൂണിറ്റ്, ഇടുക്കി-യെ സർക്കാർ ഉത്തരവിന് വിധേയമായി സേവനത്തിൽ തിരികെ പ്രവേശിപ്പിച്ചും കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി ക്ഷീരവികസന യൂണിറ്റിലേക്ക് സ്ഥലംമാറ്റി നിയമിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ക്ഷീരവികസന വകുപ്പ്

നം.DDDKER/1868/2024-E1 തിരുവനന്തപുരം, തീയതി : 03-06-2025

പരാമർശം:- 1. സ.ഉ. (സാധാ) നം. 88/2025/ഡി.ഡി., തീയതി : 02.06.2025.

**ഉത്തരവ്**

ഇടുക്കി ജില്ലയിലെ നെടുങ്കണ്ടം ബ്ളോക്കിൽ LSGD ഫണ്ട് മുഖേന നടപ്പിലാക്കിയ പാലിന് സബ്സിഡി പദ്ധതി നിർവ്വഹണത്തിൽ വരുത്തിയ ഗുരുതരമായ ക്രമക്കേടുകൾ സംബന്ധിച്ച് സസ്പെൻഷനിലായിരുന്ന ഇടുക്കി ജില്ലയിലെ നെടുങ്കണ്ടം ക്ഷീരവികസന യൂണിറ്റിലെ ഡെയറി ഫാം ഇൻസ്ട്രക്ടർ ശ്രീ. ബിനാഷ് തോമസ് (PEN. 407623)-നെ മേൽപരാമർശിത സർക്കാർ ഉത്തരവിന് വിധേയമായി സർക്കാർ സേവനത്തിൽ തിരികെ പ്രവേശിപ്പിച്ചും കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി ക്ഷീരവികസന യൂണിറ്റിലേക്ക് സ്ഥലംമാറ്റി നിയമിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ടി ഉത്തരവിന് വിധേയമായി ടിയാനെ എത്രയും വേഗം നിലവിലെ കാര്യാലയത്തിൽ നിന്നും വിടുതൽ ചെയ്യേണ്ടതാണ്. നിലവിലെ കാര്യാലയത്തിൽ നിന്നും വിടുതൽ ചെയ്ത വിവരവും പുതിയ കാര്യാലയത്തിൽ ജോലിയിൽ പ്രവേശിച്ച വിവരവും ഒട്ടും കാലതാമസം കൂടാതെ ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

മേൽപരാമർശിത ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ഒരു പകർപ്പ് ശ്രീ. ബിനാഷ് തോമസ്, ഡെയറി ഫാം ഇൻസ്ട്രക്ടർക്ക് നൽകേണ്ടതുമാണ്.

Signed by
Salini Gopinath
Date: 03-06-2025 15:36:54

**ഡയറക്ടർ**
**(PEN. 498485)**

To:- ശ്രീ. ബിനാഷ് തോമസ് (PEN. 407623) , ഡെയറി ഫാം ഇൻസ്ട്രക്ടർ, നെടുങ്കണ്ടം ക്ഷീരവികസന യൂണിറ്റ്, ഇടുക്കി (ഓഫീസ് മേലധികാരി മുഖേന).

പകർപ്പ് :- 1) ബഹു. ഗവൺമെന്റ് സെക്രട്ടറി, ക്ഷീരവികസന വകുപ്പ്, ഗവൺമെന്റ്

സെക്രട്ടേറിയറ്റ് (ഇ.എസ്.2 സീറ്റ് മുഖേന).

2) ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീരവികസന വകുപ്പ് ജില്ലാ കാര്യാലയം, ഇടുക്കി.

3) ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീരവികസന വകുപ്പ് ജില്ലാ കാര്യാലയം, കണ്ണൂർ.

4) ക്ഷീരവികസന ഓഫീസർ, നെടുങ്കണ്ടം ക്ഷീരവികസന യൂണിറ്റ്, ഇടുക്കി (ഡി.ഡി. മുഖേന).

5) ക്ഷീരവികസന ഓഫീസർ, കല്യാശ്ശേരി ക്ഷീരവികസന യൂണിറ്റ്, കണ്ണൂർ (ഡി.ഡി. മുഖേന).

6) ഡയറക്ടറുടെ മേശപ്പുറത്ത്

7) അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഫിനാൻസ് ഓഫീസർ എന്നിവരുടെ മേശപ്പുറത്ത്.

8) ജോയിന്റ് ഡയറക്ടർമാർ (ജനറൽ, പ്ളാനിംഗ്)

9) ഈ ഓഫീസിലെ മറ്റെല്ലാ ഓഫീസർമാർക്കും.

10) അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്.

11) എല്ലാ സെക്ഷൻ സൂപ്രണ്ടുമാർക്കും.

12) ഡെയറി ഫാം ഇൻസ്ട്രക്ടർ, TC & iT Cell, ഡയറക്ടറേറ്റ് (ഉത്തരവ് വെബ്-സൈറ്റിൽ കൂട്ടിച്ചേർക്കുന്നതിന്).

13) ഇ.എസ്. 2 സീറ്റ് (സസ്പെൻഷൻ സംബന്ധിച്ച മറ്റ് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്).

14) ഈ കാര്യാലയത്തിലെ മറ്റെല്ലാ സീറ്റുകൾക്കും.

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ക്ഷീരവികസന വകുപ്പ് - ഡയറി ഫാം ഇൻസ്ട്രക്ടർ ശ്രീ. ബിനാഷ് തോമസിനെ സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ക്ഷീരവികസന വകുപ്പ്**

സ.ഉ.(സാധാ) നം.88/2025/DD    തീയതി,തിരുവനന്തപുരം, 02-06-2025

---

പരാമർശം:-
1. 31.05.2023 ലെ സ.ഉ(സാധാ) നം.58/2023-ഡിഡി നമ്പർ ഉത്തരവ്
2. 20.04.2024 ലെ സ.ഉ(സാധാ) 44/2024/ഡിഡി നമ്പർ ഉത്തരവ്
3. 16.08.2024 ലെ സ.ഉ(സാധാ) നം.117/2024/ഡിഡി നമ്പർ ഉത്തരവ്
4. 29.11.2024 ലെ സ.ഉ(സാധാ) നം.168/2024/ഡിഡി നമ്പർ ഉത്തരവ്
5. 20.02.2025 ലെ സ.ഉ(സാധാ) നം.35/2025/ഡിഡി നമ്പർ ഉത്തരവ്
6. 23.04.2025 ൽ കൂടിയ സസ്പെൻഷൻ റിവ്യൂ കമ്മിറ്റിയുടെ യോഗനടപടിക്കുറിപ്പ്.
7. വിജിലൻസ്(ബി) വകുപ്പിന്റെ 19.05.2025 ലെ ബി2/130/2025-വിജി നമ്പർ കത്ത്

**<u>ഉത്തരവ്</u>**

സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സ്പെഷ്യൽ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം ഇടുക്കി ജില്ലയിലെ നെടുങ്കണ്ടം ബ്ലോക്കിലെ ഗ്രാമപഞ്ചായത്തുകളിൽ 2021-22 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ "ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി" എന്ന പദ്ധതിയുടെ നിർവഹണ ഉദ്യോഗസ്ഥനായ ഡയറി ഫാം ഇൻസ്ട്രക്ടർ ശ്രീ.ബിനാഷ് തോമസ് ഗുണഭോക്താക്കൾ അല്ലാത്ത വ്യക്തികളുടെ ബാങ്ക് അക്കൗണ്ടിലേക്ക് അനധികൃതമായി തുകകൾ ട്രാൻസ്ഫർ ചെയ്തതായി കണ്ടെത്തിയതിന്റെ വെളിച്ചത്തിൽ ടിയാനെ പരാമർശം (1) പ്രകാരം ഉടൻ പ്രാബല്യത്തിൽ സസ്പെൻഡ് ചെയ്യുകയും ടിയാനെതിരെ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നതിനായി വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയെ ഏൽപ്പിക്കുകയും ചെയ്തിരുന്നു. തുടർന്ന് പരാമർശം (2), (3), (4) എന്നീ ഉത്തരവുകൾ പ്രകാരം ടിയാന്റെ സസ്പെൻഷൻ കാലാവധി ദീർഘിപ്പിച്ച് ഉത്തരവായിരുന്നു.

**സർക്കാർ തലത്തിൽ** അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ശ്രീ.ബിനാഷ് തോമസിന് കുറ്റാരോപണ മെമ്മോയും, കുറ്റാരോപണ പത്രിക നൽകുകയും ആയതിന് ടിയാൻ പ്രതിവാദപത്രിക സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. 1960 ലെ കേരള സിവിൽ സർവീസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം ഫോർമൽ എൻക്വയറി



File No. DDDKER/1868/2024-E1 (Computer No. 141818)

Generated from eOffice by SABU.G.C, E1 DDD, E1 DDD, DAIRY DEVELOPMENT DEPARTMENT on 03/06/2025 01:10 PM

നടത്തുന്നതിനായി ജോയിന്റ് ഡയറക്ടർ (ജനറൽ) ശ്രീമതി. സിനില ഉണ്ണികൃഷ്ണനെ പരാമർശം (5) പ്രകാരം നിയമിച്ച് ഉത്തരവായിട്ടുണ്ട്. ഡയറി ഫാം ഇൻസ്ട്രക്ടർ ശ്രീ.ബിനാഷ് തോമസിനെ സർവീസിൽ തിരികെ പ്രവേശിപ്പിച്ച് ഇടുക്കി ജില്ലയ്ക്ക് പുറത്ത് നിയമനം നൽകുന്നതിന് പരാമർശം (6) പ്രകാരം സസ്പെൻഷൻ റിവ്യൂ കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ട്.

പ്രസ്തുത ശിപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇടുക്കി ജില്ലയിലെ നെടുങ്കണ്ടം ബ്ലോക്കിൽ ഡയറി ഫാം ഇൻസ്ട്രക്ടർ LSGD ഫണ്ട് മുഖേന നടപ്പിലാക്കിയ പാലിന് സബ്സിഡി പദ്ധതി നിർവഹണത്തിൽ വരുത്തിയ ഗുരുതര ക്രമക്കേടുകൾ സംബന്ധിച്ച് സസ്പെൻഷനിലായിരുന്ന ഡയറി ഫാം ഇൻസ്ട്രക്ടർ ശ്രീ.ബിനാഷ് തോമസിനെ തിരികെ സർക്കാർ സർവീസിൽ പ്രവേശിപ്പിക്കുന്നതിനു ക്ഷീരവികസനവകുപ്പ് ഡയറക്ടർക്കു അനുമതി നൽകിക്കൊണ്ടും കൂടാതെ ടിയാനെ ഇടുക്കി ജില്ലയ്ക്ക് പുറത്തുള്ള ഏതെങ്കിലും സ്റ്റേഷനിൽ നിയമിക്കാനും ഡയറക്ടർക്കു നിർദ്ദേശം നൽകികൊണ്ട് ഉത്തരവാകുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ വാസുകി കെ ഐ എ എസ്
സെക്രട്ടറി

ഡയറക്ടർ, ക്ഷീരവികസന വകുപ്പ്, തിരുവനന്തപുരം

ശ്രീ.ബിനാഷ് തോമസ്, ഡയറി ഫാം ഇൻസ്ട്രക്ടർ

( ക്ഷീരവികസന വകുപ്പ് ഡയറക്ടർ മുഖാന്തിരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ) കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം

വിജിലൻസ് (ബി) വകുപ്പ്

വിവര -പൊതുജന സമ്പർക്ക വകുപ്പ്(ഔദ്യോഗിക വെബ്-സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് )

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Ajayakumar. A
Date: 03-06-2025 10:37:05
സെക്ഷൻ ഓഫീസർ



File No. DDDKER/1868/2024-E1 (Computer No. 141818)

Generated from eOffice by SABU.G.C, E1 DDD, E1 DDD, DAIRY DEVELOPMENT DEPARTMENT on 03/06/2025 01:10 PM